SHRI K. M. KORAH: I second the motion.

MR. SPEAKER: The question is that the House do proceed to elect 3 Members to the State Board of Technical Education.

The motion was put and carried.

LEGISLATIVE BUSINESS.

The Travancore-Cochin Maternity Benefit (Amendment) Bill, 1955.

Home Minister (SHRI A. J. JOHN): I beg to introduce the Travancore-Cochin Maternity Benefit (Amendment) Bill, 1955.

Minister for Health (SHRI A. A. RAHIM): I Second it.

MR. SPEAKER: The Bill stands introduced.

SHRI A. J. JOHN: There are two enactments in force in the State which provide for the payment of maternity benefit to women employed in plantations, namely the Travancore-Cochin Maternity Benefit Act, 1952 and the Plantations Labour Act, 1951 (Central Act LXIX of 1951). The definition of the terms "plantation" and "worker" contained in these enactments differ in certain respects. Thus to come within the purview of the Travancore-Cochin Maternity Benefit Act, a plantation should be at least fifty acres in extent or there should be at least fifty persons employed in it. On the other hand, if it is 25 acres in extent and there are 30 persons employed in it, it would be a plantation for the purpose of the Plantations Labour Act. Again, an employee in a plantation whose emoluments exceed Rs. 200 per mensem will not be a worker within the definition in the State Act, while the upper limit of the monthly wages of a worker has been fixed as Rs. 300 under the Central Act. Thus the Central Act is wider in scope than the State Act. But both these enactments relate to a subject falling under the Concurrent List, in the Seventh Schedule to the Constitution and the Travancore-Cochin Maternity Benefit Act has been assented to by the President. Hence under Article 254 (2) of the Constitution, the State law will prevail in this State and the provisions of the Central Act in so far as they relate to payment of maternity benefit to women workers in plantations cannot be availed of by the workers in the State. It is considered that the workers who would be entitled to maternity benefit under the Central Act should not be prevented from deriving the benefit simply because of this legal

LIBRARY ARCHIVES Kerala Legislative Assembly

[SHRI. A. J. John]

difficulty. Accordingly it is proposed to bring the definition of the terms "plantation" and "worker" in the State Act, in line with the definition of these terms in the Central Act. The Government of India have also advised legislative action in that direction. The Bill is intended to give effect to the above proposal.

I submit that the Bill may be referred to a Select Committee consisting of the following members:-

1. SHRI T. K. Divakaran,
2. ,, K. M. Chandy,
3. ,, O. R. Chummar,
4. ,, T. V. Thomas and
5. ,, Kalathil Velayudhan Nair.

SHRI K. C. GEORGE: Sir, I would suggest the Lady Members of the House are also included in the Committee.

SHRI A. J. John: Yes. Sry. Gouri and Sry. Leela Devi Amma may also be included in the Committee. The quorum will be four and the Committee will report in due course.

SHRI A. A. Rahim: I second the motion.

ശ്രീ. ടി. കെ. ദിവാകരൻ: സർ, മെറ്റേർണിറ്റി അമൻഡ്മെന്റ് ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള മോഷനെ പിന്താങ്ങിക്കൊണ്ട് ഒരു കാര്യം ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. കശുഅണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഈ ആക്ട് കൊണ്ട് പരിപൂർണ്ണമായ നന്മ ലഭിക്കുന്നില്ല. ഒരു സീസണിൽ പണിയെടുപ്പിക്കുന്ന മുതലാളിയും മറ്റൊരു സീസൺകാലത്തു പണിയെടുപ്പിക്കുന്ന മുതലാളിയും തമ്മിൽ ഒരേ വ്യവസായത്തിൽ മാറ്റംവന്നാൽ അവിടങ്ങളിലെ സ്ത്രീതൊഴിലാളികൾ ഒരാണ്ടിൽ 150 ദിവസം ജോലിചെയ്താൽ തന്നെയും ഒരേ എംപ്ലോയറുടെ കീഴിലല്ലാത്തതുകൊണ്ട് അവർക്ക് പ്രസവകാലാവധി അനുവദിക്കുന്നില്ല. ഒരെംപ്ലോയറുടെ കീഴിൽ മാത്രമല്ല രണ്ടോ മൂന്നോ എംപ്ലോയറുടെ കീഴിലായിരുന്നാലും ഒരാണ്ടിൽ 150 ദിവസം ഒരേ വ്യവസായശാലയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ സ്ത്രീക്ക് പ്രസവകാലാവധി അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ കാര്യം സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമാക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

[Mr. Deputy Speaker in the Chair]

SHRI A. A. D. Luiz: Sir, I wish to bring to the attention of the Select Committee that has been constituted to consider the Travancore-Cochin Maternity Benefit (Amendment) Bill, 1955 certain important matters that are jeopardising the labouring class of women. I wish to avail

LIBRARY ARCHIVES Kerala Legislative Assembly

myself of the provisions of Rule 79 (2) (a) of the Rules of Procedure, wherein it is provided that a member may move that necessary instructions may be given to the Select Committee to make some particular or additional provisions in the Bill, to request the Select Committee to review the entire Maternity Legislation.

This Legislature has to take cognisance of the fact that both Industry and Plantations are resorting to undesirable methods to circumvent the provisions of the Maternity Benefit enactment. I personally feel that it is the duty of every Legislature to ascertain from time to time whether the Legislation that has been put into the Statute Book for the betterment of Labour is fully implemented. Further if it has been noticed that as a result of the incompleteness of the Legislation there is scope for evasion, it is the duty of this House to introduce more rigid measures. If I remember correct, the Maternity Benefit Legislation was first enacted in 1952 by this Legislature so that the working class women in this State may have sufficient protection financial assistance and relaxation in their pre-natal and anti-natal periods. However, hon. Members of this House should appreciate that today women are being harassed and cut out from a normal livelihood.

The hon. Member Shri Divakaran who has been returned from an industrial area has already mentioned the cunning tactics of employees so that women labour who have 150 days of work do not become eligible for benefit under Section 4 of the Maternity Benefit Act.

May I give you a brief survey of what is happening in the Cashew nut Industry which is a very popular venue of employment for women. Women labour are not permitted to complete 150 days of service and that period has been made the specific minimum to make them eligible for compensation under Maternity Benefit. Under some camouflage or other they are asked to proceed to another factory from where they are again packed off to a third factory or perhaps to the first one before they can complete the prescribed minimum number of days. There seems to be some arrangement between the factory owners so that the women labour is kept on the move. I would not say that they are thrown out of employment but I can boldly state that there is a malicious and calculated manipulation to escape payment

LIBRARY ARCHIVES Kerala Legislative Assembly

[SHRI A. A. D. Luiz]

of maternity relief. This legislature is the competent institution that has to take full cognisance of this type of mischief and I hope the Select Committee constituted by this sovereign body will make every effort to mitigate this harassment.

There is another important factor. The cashew industry in particular and the other minor industries as well are gradually stepping down the number of women labourers. There was a time, the years that immediately followed the war, when the cashew industry was at its very peak and at that time that industry provided ample scope for employment to women. I may also state that the shelling of cashew, one of the processes that require careful handling but at the same time a process which involved blistering of fingers was entirely left to be done by women. If the Government would go into the statistics and make a careful survey of the situation, they will realise that there has been a conspicuous step down in the employment of women. It is most regretful that the women stand placated and defeated. I am not prepared to accept the reasons that would be set forth by the employees but I can boldly tell this House that these drastic measures have been resorted to so as to circumvent the provisions of the Maternity Benefit Bill. Even though the compensation payable is as low as Rs. 5/4/- a week, it is beyond normal human apprehension to concede that such unholy teasing and un-businesslike methods are being resorted to, to deny a humble woman labourer a paltry compensation.

I may boldly bring to the attention of this House that the women labour in plantations are being subjected to continual discouragement. There is a conspicuous reduction of women even in the tea plantation. The western pioneer and his Indian successor at one time conceded that the slender fingers of the female were best suited to pluck the bud and the tender leaves of the tea plant. However, this accepted dictum of the centuries old tea industry has suddenly been discanded and I attribute the gradual disappearence of women labour from plantations to the bad intentions of the plantation proprietors to evade payment of benefits under the Maternity Act.

I would refer the hon. Members of this House to para 58 of chapter XXIV of the First Five Year Plan where it is

LIBRARY ARCHIVES Kerala Legislative Assembly

clearly stated that plantations can be considered to be the largest single labour-absorbing industry in this country. Would it be justifiable that the largest labour-absorbing industry in this great Bharat is permitted to eliminate women? Would it be justifiable that a great venue for employment is in gradual degrees closed for women labour? Should we not be very alive to the fact that effective utilisation of man power, having regard to the requirements of both industry and workers, is a question of national importance?. When you review the 1951 Census of India, you will note that in this great country of ours we have an equal number of men and women and in this State if I remember correct, the women population is slightly larger than that of the male. Let us be alive to the fact that the calculated efforts of both the industrialist and the planter to drive women from Plantation labour is just an utrageous act against half the human race that has an equal right to work.

Even in mercantile institutions they don't have the good intentions of implementing the Maternity Act. When unmarried women are entertained on the clerical staff, they are cautioned about marriage and there are numerous instances when romance has got the better of them and they have been politely sacked.

The Government have another responsibility in the direction of social security. This responsibility is clear in Article 32 of the constitution of India. In that article it is stated "the State shall, within the limits of its economic capacity and development, make effective provision for securing the right to work, to education and public assistance in case of unemployment, old age, sickness, disablement and other causes of undeserved want. Women of our great Bharat have a right to work and the provisions of our sacred Constitution, entitles them to protection. To what extent will the legitimate protection they are entitled to stand implemented when both industry and plantation are making calculated efforts to destroy the tenure of office that they have just for the sake of denying them a paltry maintenance for the pre-natal and anti-natal periods ?. After all, women play the great role of the Mother for the greater glory of God and definitely but for them we would not have had a world full of human beings. Why should women be denied a paltry mintenance when she is playing a great role to keep the world full of human beings and to keep the legislatures full of

LIBRARY ARCHIVES Kerala Legislative Assembly

[SHRI A. A. D. Luiz]

the right men. In primitive Society she might have had no status but in the modern world she enjoys a status parallel to man, perhaps even higher because however great a man might be, he couldn't be a mother nor could he ever hope to be addressed as a mother by a human being. Let us be very conscious of the fact that the hand that rocks the cradle rules the world. Sir, the amendment Bill refers to only two sec ions and the Minister while introducing the Bill stated that the amendments were introduced to bring the State Legislation at par with the central Legislation. However, I would caution the Select Committee that they have a duty to review the entire provisions regarding maternity benefit so that there would not be the continuing liquidation of women in industry and plantations. Let there be adequate protection for the working class of women. Let there be rigid provisions in the Maternity Benefit Act so that the good intentions of the great people of this Legislature be constantly respected by both the industrialist and the planter.

I would in pacticular request Miss Gouri and Sry. Leela Devi Amma, our two lady members, who happen to be members of the Select Committee to give the important issues I have spoken about their deligent attention so that the women labour in our country is no more harassed.

ശ്രീ. പി. വിശ്വംഭരൻ: ഈ ബില്ല് സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നുള്ള അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നു.

(e) "Plantation" means any land used or intended to be used for growing tea, coffee, rubber, cinchona or cardamom which admeasures twenty-five acres or more and whereon thirty or more persons are employed, or were employed on any day of the preceding twelve months". എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഈ സംസ്ഥാനത്തു് ഇന്നു ധാരാളമുള്ള മൈനർ എസ്റ്റേറ്റുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഈ ഭേദഗതിയുടെ പ്രയോജനം ലഭിക്കുവാൻ സാധ്യമല്ലാത്ത നിർഭാഗ്യമാണ്. ഈ രാജ്യത്തു് വളരെയധികം മൈനർ പ്ലാന്റേഷനും, തോട്ടങ്ങളും ഉണ്ട്. ഇരുപത്തിയഞ്ചു് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണവും അതിൽ 30 തൊഴിലാളികളും ജോലി ചെയ്താൽ മാത്രമേ പ്ലാന്റേഷന്റെ നിർവ്വചനത്തിൽ വരികയുള്ളൂ. ആറ് ഏക്കർ വിസ്തീർണ്ണമുള്ള തോട്ടങ്ങളിലും ചിലപ്പോൾ മുപ്പതോ മുപ്പത്തിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നു വന്നേക്കാം. അങ്ങനെയാണെങ്കിൽ അവർക്കു ഈ ബില്ലുകൊണ്ടു് പ്രയോജനമുണ്ടാകുകയില്ല. മുമ്പിലത്തെ ആക്ടിൽ "To bring within the purview of the Travancore-Cochin Maternity Benefit

LIBRARY ARCHIVES Kerala Legislative Assembly

Act, a plantation should be at least fifty acres in extent or there should be at least fifty persons employed in it. On the other hand if it is 25 acres in extent and there are thirty persons employed in it, it would be a plantation under Plantations Labour Act'' എന്നു് ഉണ്ടു്. ആ തത്വം സ്വീകരിച്ചു കൊണ്ടു് 25 ഏക്കർ വിസ്തീർണ്ണമോ അല്ലെങ്കിൽ 30 തൊഴിലാളികളോ എന്ന ഭേദഗതി ചെയ്യണമെന്നു് എനിക്കു നിർദ്ദേശം ഉണ്ടു്. ഈ ബില്ലിൽ മെറ്റീരിയൽ ഇൻഫിറിറ്റി ശരിയായ രീതിയിൽ കൊടുക്കാത്തതിനെതിരെയും മുതലാളിമാർക്കു ഉണ്ടു്. അതു പരിഹരിക്കത്തക്കവിധത്തിൽ ഒറിജിനൽ ആക്റ്റിലുള്ള ഭേദഗതി ചെയ്യാനുള്ള അധികാരംകൂടി സെലക്റ്റ് കമ്മിറ്റിക്കു് നൽകുകയും ആ രീതിയിൽ സെലക്റ്റ് കമ്മിറ്റിക്കു് നിർദ്ദേശം കൊടുക്കുകയും ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. കെ. കരുണാകരൻ: ഈ ബില്ലു് തൊഴിലാളികൾക്കു് ഇന്നുള്ള ആനുകൂല്യംപോലും നിഷേധിക്കുകയാണു ചെയ്യുന്നതു്. കാരണം ഇന്നുള്ള ബില്ലിൽ അതായതു് ഇപ്പോൾ നിലവിലിരിക്കുന്ന ബില്ലനുസരിച്ചു് 50 ആളുകളോ അല്ലെങ്കിൽ 50 ഏക്കറോ എതെങ്കിലും ഒന്നു മതിയാകും. ഭേദഗതി പ്രകാരമാണെങ്കിൽ വിസ്തീർണ്ണവും ആളുകളുംകൂടി ചേരേണ്ടിയിരിക്കുന്നു. അതായതു് 25 ഏക്കർ വിസ്തീർണ്ണവും അതിൽ 30 തൊഴിലാളികളും ഉണ്ടെങ്കിൽ മാത്രമേ ബിൽ അവക്കു് ആനുകൂല്യം നൽകുകയുള്ളു. ഇന്നു മിനിമംവേജസു് നോട്ടിഫിക്കേഷൻപ്രകാരം പ്ലാന്റേഷന്റെ ഡെഫനിഷനിൽ ഈ നില വരുന്നതുകൊണ്ടു വളരെയധികം ആളുകൾക്കു ആനുകൂല്യം നഷ്ടപ്പെടുന്നുണ്ടു്. അതുകൊണ്ടു് ഈ ഭേദഗതിയെന്നു ശ്രീമാൻ വിശ്വംഭരൻ പറഞ്ഞതുപോലെ 25 ഏക്കർ എന്നോ മുപ്പതു് തൊഴിലാളികൾ എന്നോ മാറേണ്ടതാണു്. മാത്രമല്ല ഇന്നു് പല തോട്ടങ്ങളിലും എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നുള്ള തിനു് യാതൊരു രേഖയും ഇല്ല. സ്ഥിരം ടാപ്പേഴ്സായും മറ്റും ജോലിചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളം യാതൊരു രേഖയും ഇല്ലാതെയാണു ഇരിക്കുന്നതു്. ഇത്ര തൊഴിലാളികൾ ജോലി ചെയ്യുവരുന്നു എന്നു് തെളിയിക്കുവാനുള്ള സൗകര്യവും തൊഴിലാളികൾക്കു് കൊടുക്കണം. അതു തെളിയിക്കുവാനുള്ള ബാദ്ധ്യത മാനേജുമെൻറിനു കൊടുക്കേണ്ടതാണു്. 25 ഏക്കർ എന്നുള്ള തത്വം സ്വീകരിക്കുകയാണെങ്കിൽ ആ ബുദ്ധിമുട്ടിനു പോകേണ്ട ആവശ്യം ഇല്ല. ഏതായാലും രണ്ടുംകൂടെ ആവശ്യമില്ലാത്തതാണു്. ഏതെങ്കിലും ഒന്നു മതിയായിരുന്നു. മറ്റു പല വിഷമങ്ങളുംകൂടി ഈ ബില്ലിലുണ്ടു്. അതു് എല്ലാം പരിഹരിക്കത്തക്കവണ്ണം സെലക്റ്റ് കമ്മിറ്റി നിർദ്ദേശം നൽകേണ്ടതാണു്. ഇത്രയും കാര്യങ്ങൾ സെലക്റ്റ് കമ്മിറ്റിയുടെ പ്രത്യാലോചനയ്ക്കു് വിഷയമാകേണ്ടതാണു്.

ശ്രീ. കെ. എ ശിവരാമഭാരതി: ഈ ഭേദഗതിയോടു് അനുകൂലിച്ചുകൊണ്ടു് ഒരു കാര്യം വ്യക്തമായി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്ലാന്റേഷനുകളെ സംബന്ധിച്ചിടത്തോളം 100 ഏക്കർ വിസ്തീർണ്ണമുള്ള കാർഡമം പ്ലാന്റേഷനുകളിൽ 25 തൊഴിലാളികളോ അതിൽ കുറച്ചോ ജോലി ചെയ്താൽ മതിയാകുന്നതാണു്. തേയില അല്ലെങ്കിൽ കാപ്പി തോട്ടങ്ങളെ സംബന്ധിച്ചാണെങ്കിൽ കൂടുതൽ തൊഴിലാളികൾ ആവശ്യമാണു്. തോട്ടം തൊഴിലാളികളിൽ കൂടുതൽ വൈഷമ്യം അനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ശിവരാമഭാരതി]

ഭവിക്കുന്നതു് കാർഡമം തോട്ടത്തിലെ തൊഴിലാളികളാണു്. അട്ടയുടെ കടിയും മറ്റു പല ഉപദ്രവങ്ങളും അവക്കു് സഹിക്കേണ്ടതായിട്ടു വരുന്നു. ആണ്ടിനെയുള്ള തോട്ടങ്ങളാണു് ഏലത്തോട്ടങ്ങൾ. അവിടെയുള്ള തൊഴിലാളികൾക്കു് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഈ ഭേദഗതി ബില്ലു് വരുമ്പോൾ നഷ്ടപ്പെടും. അതിനാൽ 25 ഏക്കർ പ്ലാന്റിങ്ങ്മോ 30 തൊഴിലാളികളോ എന്നു മാറ്റേണ്ടതു് അത്യാവശ്യംതന്നെയാണു്. ഇതു് സെലക്ട് കമ്മിറ്റി ശുപാർശ ചെയ്യേണ്ടതാണു്.

ശ്രീ. ടി. പി. സീതാരാമൻ: വളരെ അധികം ചെറുകിട തോട്ടങ്ങൾ ഉള്ള ഒന്നാണു് ഈ സംസ്ഥാനം. ഈ സംസ്ഥാനത്തു് ഇതുമാതിരിയുള്ള നിയമങ്ങൾ അത്യാവശ്യം തന്നെയാണു്. കോൺഗ്രസ്സു് ഗവണ്മെന്റു് അധികാരത്തിൽ വരുന്നതിനു മുൻപുതന്നെ ലേബറിനെ സംബന്ധിച്ചിടത്തോളവും മറ്റും ധാരാളം നിയമങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അപ്പോഴെല്ലാം സ്ത്രീതൊഴിലാളികൾക്കു് ലീവു് അലവൻസു് നൽകുക മുതലായ ആനുകൂല്യങ്ങൾ ഇല്ലാതിരുന്നു. കോൺഗ്രസ്സു് ഗവണ്മെന്റു് വന്നതിനുശേഷം ഇതിനു് അനുരഞ്ജനശ്രമങ്ങൾ നടന്നു. ഈ രാജ്യത്തു് ഈ തോട്ടങ്ങളിൽ കൃഷിചെയ്യുന്ന സ്ത്രീതൊഴിലാളികൾ ഏകദേശം മുക്കാൽലക്ഷത്തോളമുണ്ടു്. അവർക്കു് മെറ്റേണിറ്റി ലീവു് മുതലായ സൗജന്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണു്. അൻപതിനായിരത്തോളം തോട്ടങ്ങൾ ഉള്ള ഈ രാജ്യത്തു് ചില തോട്ടത്തിൽ ആറും ഏഴും തൊഴിലാളികൾവീതം ജോലിചെയ്യുന്നതായി കാണാം. ഈ തൊഴിലാളികൾക്കു് അതായതു് ഈ സ്ത്രീതൊഴിലാളികൾക്കു് മെറ്റേണിറ്റി ലീവു് കൊടുക്കാതിരിക്കുന്നതിനുവേണ്ടി മാനേജ്മെന്റു് ഒരു അടവു് പ്രയോഗിക്കുന്നതായി കാണാം. ഈ സ്ത്രീതൊഴിലാളികൾക്കു പകരം അവർ ഉപയോഗിക്കുന്നതു് പുരുഷതൊഴിലാളികളെയാണു്. ഈ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിനുവേണ്ടി പുരുഷതൊഴിലാളികളെ നിയമിച്ചു് സ്ത്രീകളുടെ ജോലിപോലും ചെയ്യിക്കുന്നു. കൂടാതെ ഇവരുടെ കൂലിഇനത്തിൽത്തന്നെ വ്യത്യാസം വരുത്തുന്നുണ്ടു്. തുല്യജോലിക്കു് തുല്യശമ്പളം എന്ന നിയമം ഇവർ പാടെ ലംഘിക്കുകയാണു് ചെയ്യുന്നതു്. പാലപ്പള്ളിതോട്ടത്തിലെ അനുഭവംവച്ചുകൊണ്ടു് പറയുകയാണെങ്കിൽ ഇതിനെല്ലാം ഒരുപൂർണ്ണവിരാമമിടേണ്ടകാലം അത്യാസന്നമായിരിക്കുന്നു. അവിടത്തെ തൊഴിൽക്കുഴപ്പം അഡ്ജൂഡിക്കേഷനു് വച്ചിട്ടു് രണ്ടു വർഷമായി. എന്നിട്ടും ഇതുവരെ ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ഈ കാര്യങ്ങളെല്ലാം സെലക്ട് കമ്മിറ്റി വേണ്ടവിധത്തിൽ പരിശോധിച്ചു് വേണ്ട ഭേദഗതികൾ വരുത്തുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. കെ. എം. ജാർജ്ജു്: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബിൽ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്ന നിർദ്ദേശത്തെ ഞാനും അനുകൂലിക്കുന്നു. എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ പ്രസ്താവിച്ചപോലെതന്നെ വളരെയേറെ പ്രാധാന്യമുള്ള ഒരു ബില്ലാണു് ഇതെന്നു പറഞ്ഞുകൊള്ളട്ടെ. സ്റ്റേറ്റു് ആക്ടും കേന്ദ്ര ആക്ടും തമ്മിലുള്ള ചില വ്യത്യാസങ്ങൾ ഇല്ലാതാക്കുന്നതിനാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. സെലക്ട് കമ്മിറ്റി ഗൗരവമായി ആലോചിച്ചു് ന്യായമായ വ്യതിയാനങ്ങൾ ഈ ബില്ലിൽ വരുത്തേണ്ടതാണു്. എന്തെന്നാ എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചതുപോലെ ഈ രാജ്യത്തെ 51 ശതമാനത്തോളം വരുന്ന ഒരു വിഭാഗത്തെ കാര്യമായി സ്പർശിക്കുന്ന ഒന്നാണ് ഈ ബിൽ. സ്ത്രീതൊഴിലാളികൾക്ക് പുരുഷന്മാരോടൊപ്പം തുല്യവേലയ്ക്ക് തുല്യവേതനം എന്നുള്ളതു് ഈ രാജ്യത്തു സ്ഥീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുള്ള നിയമനിർമ്മാണവും നാം നടത്തിയിട്ടുണ്ട്. എങ്കിലും കേന്ദ്രതൊഴിലാളി സ്റ്റേറ്റ് തൊഴിലാളി തമ്മിലുള്ള വ്യത്യാസങ്ങളും മാനേജ്മെന്റിന്റെ മക്കടമുഷ്ടികളും നിമിത്തം സ്ത്രീതൊഴിലാളികൾക്ക് അവർ അർഹിക്കുന്ന ശമ്പളമോ പ്രസവാനുകൂല്യങ്ങളോ കിട്ടാതെപോകുന്നു എന്നുള്ളതു് ഖേദകരമായ ഒരു പരമാർത്ഥം മാത്രമാണ്. ഈ കാര്യത്തിൽ ഈ സഭയിലെ ഒരു ഭാഗത്തുള്ള മെംബറന്മാർക്കും അഭിപ്രായവ്യത്യാസം ഇല്ല. ഈ രാജ്യം ഒരു ക്ഷേമരാഷ്ട്രമാകുന്നതെങ്കിൽ സ്ത്രീയും പുരുഷനും സാമ്പത്തികമായി പരസ്പരാശ്രയത്തിൽനിന്നും വിമുക്തമാകേണ്ടതും ജോലിചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ന്യായമായ വേതനം കിട്ടേണ്ടതുമാണ്.

ശ്രീമതി കെ. ആർ. ഗൗരി : ബഹുമാനപ്പെട്ട മെംബർ ഉൾപ്പെടുന്ന പാർട്ടിയുടെ ഗവണ്മെന്റ് ഇവിടത്തെ അദ്ധ്യാപികമാർക്ക് കയറ്റം നിഷേധിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. എം. ജാർജ്ജ് : അതു് എനിക്കു നിശ്ചയമില്ല. അവർക്കു നിയമപ്രകാരമുള്ള കയറ്റങ്ങൾ കൊടുക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോൾ അവർക്ക് നിരോധിച്ചിരിക്കുന്ന കയറ്റം നൽകുന്നതിനു് ബഹുമാനപ്പെട്ട മെംബർക്ക് ശുപാർശ ചെയ്യാമോ ?

ശ്രീ. കെ. എം. ജാർജ്ജ് : തീർച്ചയായും ചെയ്യാം. അതിൽ ഒരു സംശയവും എന്റെ മാന്യസോദരിക്കു് ഉണ്ടാകേണ്ട ആവശ്യമില്ല.

12 മാസങ്ങൾക്കു മുമ്പ് ജോലിയിൽ പ്രവേശിച്ച സ്ത്രീതൊഴിലാളികൾമാത്രമേ ഈ ബില്ലിന്റെ പരിധിയിൽപ്പെടുകയുള്ളു എന്നു വരുന്നതു് വളരെ കഷ്ടമാണ്. 6 മാസം മുമ്പ് മുതൽ ഏതെങ്കിലും തോട്ടത്തിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളും ഈ ബില്ലിന്റെ പരിധിയിൽ പെടണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നതു്. സ്ത്രീതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശ്രീ. ലൂയിസ് പറഞ്ഞതുപോലെ ജോലി ചെയ്യുന്നതിനു പുറമേ ജനതയുടെ നിലനിൽപ്പിനുവേണ്ടി ഏറ്റവും മഹനീയമായ ഒരു സേവനംകൂടി അവർ നിർവ്വഹിക്കുന്ന സ്ഥിതിക്കു് തൊഴിൽഉടമകളും തോട്ടമുടമകളും അവർക്ക് ഏതെങ്കിലും തരത്തിൽ വിഘാതമായി നിൽക്കുന്നതു് ഒരു ഗവണ്മെന്റിനും അനുവദിച്ചുകൊടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഗവണ്മെന്റ് സ്ത്രീതൊഴിലാളികളുടെ ആനുകൂല്യങ്ങൾക്കും തടയുന്ന മുതലാളികളുടേയും തോട്ടംഉടമകളുടേയും മേൽ കർശനമായ നടപടികൾ എടുക്കുമെന്നു് ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. അതിനനുസരണമായ വ്യതിയാനങ്ങൾ ഈ ബില്ലിൽ വരുത്തുന്നതിനു സെലക്ട്കമ്മിറ്റി കായ്മായി ശുപാർശിക്കണം. അതുപോലെതന്നെ ഈ സഭ പിരിയുന്നതിനുമുമ്പ് സെലക്ട്കമ്മിറ്റിറിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും എനിക്ക് അപേക്ഷയുണ്ട്. കേന്ദ്രതൊഴിൽനിന്നും മുമ്പോട്ടുപോയി നമ്മുടെ നിയമനിർമ്മാണത്തിൽ എന്തെങ്കിലും വ്യതിയാനം വരുത്താൻ സാദ്ധ്യമാണെങ്കിൽ അതിനും സെലക്ട്കമ്മിറ്റി തയ്യാറാകേണ്ടതാണ്. നമ്മുടെ നാട്ടിലെ സ്ത്രീതൊഴിലാളികൾക്ക് എല്ലാ ആനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാർജ്ജ്]

ങ്ങളും കിട്ടത്തക്കവിധത്തിൽ ഈ ബിൽ ഏറ്റവും വേഗം നിയമമാക്കണമെന്നുള്ള അപേക്ഷയോടുകൂടി ബിൽ സെലക്ട് കമ്മിറ്റിക്കു് വിടണമെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. ടി. ഒ. ബാവ: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നുള്ളതിനെ ഞാൻ സ്വാഗതംചെയ്യുന്നു. സ്ത്രീതൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രസവാനുകൂല്യം അനുവദിച്ചുകൊണ്ടുള്ള നിയമം ഈ രാജ്യത്തു വന്നതിനുശേഷം തൊഴിലാളിരംഗത്തു് സ്ത്രീതൊഴിലാളികളെ പുറംതള്ളുന്ന ഒരു പതിവാണു് ഉണ്ടായിട്ടുള്ളതു്. ഈ നിയമംകൊണ്ടു് എസ്റ്റേറ്റുകളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്കു് അങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ നേരിടാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി ഈ ബിൽ സെലക്ട് കമ്മിറ്റി പരിഷ്കരിക്കേണ്ടതാണു്. പ്ലാന്റേഷനെ സംബന്ധിച്ചു് ഇതിൽ പ്രതിപാദിക്കുന്ന 25 ഏക്കർ എന്നുള്ളതു് വാസ്തവത്തിൽ വളരെ കൂടുതലാണു്. 25 ഏക്കറിൽ കുറഞ്ഞ തോട്ടങ്ങളിലേയും തൊഴിലാളികൾക്കു് ഈ നിയമം ബാധകമാക്കണമെന്നു അഭിപ്രായപ്പെടുന്നു. പ്ലാന്റേഷനിൽ പണിയെടുക്കുന്നതിനേക്കാൾ വളരെ അധികം സ്ത്രീതൊഴിലാളികൾ ഇന്നു് കാർഷികരംഗത്തു് 12 മാസവും പണിയെടുത്തുവരുന്നുണ്ടു്. കാർഷികരംഗത്തു് പുരുഷന്മാരെ അപേക്ഷിച്ചു് സ്ത്രീകളാണു് കൂടുതൽ ജോലിചെയ്തുകൊണ്ടിരിക്കുന്നതു്. അവർക്കു് യാതൊരു ആനുകൂല്യവും ഈ ഭേദഗതിനിയമംകൊണ്ടു് ഉദ്ദേശിച്ചിട്ടില്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ശരിയായ ഒരു കർഷകന്റെ കീഴിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്കു് 12 മാസവും ജോലി കാണും. എന്നാൽ അവർക്കു് പ്രസവാനുകൂല്യം നൽകാനുള്ള വ്യവസ്ഥ ഇന്നില്ലെന്നുള്ള പരമാർത്ഥം ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട മെംബറന്മാർക്കും അറിവുള്ളതാണു്. അവരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണു് എനിക്കു് സെലക്ട് കമ്മിറ്റിയോടു് നിർദ്ദേശിക്കാനുള്ളതു്. കാർഷികതൊഴിൽ എന്നു പറയുന്നതു് കേവലം നെൽക്കൃഷിയെ മാത്രം ഉദ്ദേശിച്ചല്ല. ഇന്നു് ഞങ്ങളുടെ താലൂക്കുകളിൽ രണ്ടുമൂന്നു വിളവെടുക്കുന്ന രീതിയിൽ നെൽക്കൃഷി ആയിട്ടുണ്ടു്. മിക്കവാറും 8 മാസം സ്ത്രീതൊഴിലാളികൾക്കു് അവിടെ പണിയുണ്ടു്. അതു കഴിഞ്ഞാൽ ഉയർന്ന പ്രദേശങ്ങളിലുള്ള ഇഞ്ചി, ഇഞ്ചിപ്പുല്ലു് മുതലായവ പറിച്ചുനടുക, മരച്ചീനി കൃഷിചെയ്യുക, വളം ചേർക്കുക, മറ്റു വൃക്ഷങ്ങൾക്കു് വേണ്ട സംരക്ഷണം നടുകുന്നതിനുള്ള ജോലികൾ ചെയ്യുക എന്നിവ കാണും. എന്നാൽ ഈ സ്ത്രീതൊഴിലാളികൾക്കു് പ്രസവകാലത്തു് യാതൊരുവിധ ആനുകൂല്യങ്ങളും നമ്മുടെ നാട്ടിലെ ജന്മിമാർ ചെയ്തുകൊടുക്കാറില്ല. നേരെമറിച്ചു് ജന്മിമാരുടെ വീട്ടിലെ പ്രസവങ്ങൾക്കു് ഇവരെ ചെയ്യാവുന്നതിൽ കൂടുതൽ ജോലി ചെയ്യിപ്പിക്കുന്നതിനു് ഉപയോഗപ്പെടുത്തുന്നുമുണ്ടു്. അതുകൊണ്ടു് ഇങ്ങനെ 12 മാസവും കാർഷികരംഗത്തു് പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണു്. ഇന്നുള്ള നിയമത്തിന്റെ പരിധിയിൽപെടാതിരിക്കാൻവേണ്ടി സ്ത്രീതൊഴിലാളികളെ എടുക്കുന്നതു് അവർക്കു് പ്രസവിക്കാൻ കാലമായിട്ടുണ്ടോ, പ്രസവം നിലച്ചിട്ടുണ്ടോ എന്നൊക്കെ അന്വേഷിച്ചാണെന്നുള്ള പരമാർത്ഥം ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

യിലെ പല ബഹുമാനപ്പെട്ട മെംബറന്മാർക്കും അറിയാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ നില തുടർന്നു സ്വീകരിക്കാൻ ഇടവരാത്തരത്തിൽ ഈ നിയമത്തിൽ ഏതെങ്കിലും ഭേദഗതി വരുത്താൻ സാധിച്ചുവെങ്കിൽ അതു് ഈ നാട്ടിലെ സ്ത്രീ ജോട ചെയ്യുന്ന ഒരു അനുഗ്രഹമായിരിക്കും. സെലക്റ്റ് കമ്മിറ്റി അങ്ങിനെ ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു. സെലക്റ്റ് കമ്മിറ്റിയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട രണ്ടു വനിതാ മെംബറന്മാരെ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ടു് ഈ രാജ്യത്തെ 51 ശതമാനത്തോളം വരുന്ന ജനവിഭാഗത്തിനു ആശ്വാസം ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ പറഞ്ഞ കാര്യം സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കു് വിഷയമാകുമെന്നു് അപേക്ഷിച്ചുകൊണ്ടു് വിരമിക്കുന്നു.

SHRI J. A. BHATT: It is the birth right of the women workers to enjoy the benefit of this amendment Bill. According to the amendment Bill introduced by the Minister, we find that maternity benefit is intended for the women workers employed in plantations. In our State we have a higher propostion of women population and we know that women workers are engaged in large numbers not only in the plantations but in factories and in other fields as well. By passing this Bill I doubt whether the benefit sought to be given by the Bill will be available to all women workers. So it is an important matter and the Select Committee will consider whether the amendment can be made to that effect. Here it is said that certain women workers like those working in the Cashew Industry are not given the benefit. The Bill states that a woman worker will have to work in a plantation continuously for twelve months if she is to be entitled for the benefit. Here also some amendment has to be made. The benefits offered by this enactment are affecting the women workers seriously in another way. Their number is daily decreasing in the labour fields because the employers are compelled to give this maternity benefit. Most of the employers are unwilling to engage them. A large number of women workers have therefore to face the unemployment problem. There must be some direction given to employers that they must have a certain percentage of women as their workers. It must be made compulsory. I request the Select Committee to consider these important matters and see that sufficient safeguards are provided before suggesting their amendments. With this suggestion to the Select Committee I conclude.

ശ്രീ. എ. ജെ. ജാൻ: സർ, ഈ ബില്ലിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബറന്മാർ സംസാരിച്ചുകഴിഞ്ഞു. ഈ ബില്ലിന്റെ പരിധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

യിൽ കൊണ്ടുവരേണ്ട കാര്യങ്ങളെ സംബന്ധിച്ചു് ഏതെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനു് സെലക്ട് കമ്മിറ്റിക്കു് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണു്. ഇതിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

ഈ അസംബ്ലി അവസാനിക്കുന്നതിനുമുമ്പുതന്നെ കോളക്ട് കമ്മിറ്റി ഈ ബില്ലിന്മേൽ റിപ്പോർട്ടു സമർപ്പിക്കണമെന്നു് ഒന്നുരണ്ടു ബഹുമാനപ്പെട്ട മെംബറന്മാർ പറയുകയുണ്ടായി. ഇന്നലെ ഈ വ്യവസ്ഥയിൽ അഞ്ചാറു ബില്ലുകൾ സെലക്ട് കമ്മിറ്റിക്കു് അയച്ചിട്ടുണ്ടു്. അതിനും പുറമെ ഇനയബില്ലുകളിൽ ബാക്കിയുള്ളതു് സെലക്ട് കമ്മിറ്റി ചർച്ച ചെയ്യണമെന്നും ഉദ്ദേശിച്ചിരിക്കുകയാണു്. ആ സ്ഥിതിക്കു് ഈ ബില്ലും സെഷൻ അവസാനിക്കുന്നതിനുമുമ്പു് സെലക്ട് കമ്മിറ്റിക്കു് ആലോചിച്ചു് റിപ്പോർട്ടു് സമർപ്പിക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല. സാധാരണ ഗതിയിൽ സെലക്ട് കമ്മിറ്റിറിപ്പോർട്ടു് സമർപ്പിക്കണം. സെലക്ട് കമ്മിറ്റിയുടെ കോറം നാലായിരിക്കുന്നതാണു്.

MR. DEPUTY SPEAKER: The question is that the Travancore-Cochin Maternity Benefits (Amendment) Bill, 1955 be referred to a Select Committee consisting of :

1. Shri T. K. Divakaran
2. „ K. M. Chandy
3. „ O. R. Chummar
4. „ T. V. Thomas
5. „ Kalathil Velayudhan Nair
6. Shry. K. R. Gouri
7. „ T. C. Lila Devi Amma and
8. the mover; the quorum being four.

The motion was put and carried.

The Travancore-Cochin Lime Shells (Control) Bill.

Minister for Local Self Government (SHRI K. KOCHUKUTTAN): Sir, I beg to introduce the Travancore-Cochin Lime Shells (Control) Bill.

Minister for Works (SHRI K. I. VELAYUDHAN): I second it.

MR. DEPUTY SPEAKER: The Bill stands introduced.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, നമ്മുടെ രാജ്യത്തിൽ വളരെ അധികം ആളുകൾ കക്കാ വാരി ഉപജീവനം കഴിക്കുന്നവരായിട്ടുണ്ടു്. സാധാരണയായി കക്കാ കടലിൽനിന്നും, കായലിൽനിന്നും, കടത്തീരങ്ങളിൽനിന്നും, കായൽപുറമ്പോക്കുകളിൽനിന്നും ധാരാളം ലഭിക്കുന്നു. അങ്ങിനെ ലഭിക്കുന്ന കക്കാ ശേഖരിച്ചു്, കൃഷിക്കും വ്യവസായങ്ങൾക്കും, വീടുകൾ കെട്ടുന്നതിനുംമറ്റും, ധാരാള

10 A. M.

LIBRARY ARCHIVES Kerala Legislative Assembly